## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 427** **6.3.2012-ൽ മറുപടിക്ക്.**

## ട്രെയിനുകളിലെ വനിതായാത്രക്കാരുടെ സുരക്ഷ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | | ശ്രീ. ആര്യാടൻമുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | ട്രെയിനുകളിൽ വനിതായാത്രക്കാർക്കുനേരെ കയ്യേറ്റങ്ങളും അതിക്രമങ്ങളും വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സ്ത്രീയാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകാമോ; | (ബി) & (സി) | തീവണ്ടികളിലെ സ്ത്രീ യാത്രക്കാരുടെ സുരക്ഷയ്ക്കായി 56 വനിത സിവിൽ പോലീസ് ഓഫീസർമാരെ റെയിൽവെ പോലീസിന്റെ കീഴിൽ വിന്യസിച്ചിട്ടുണ്ട്. ഈ ഉദ്യോഗസ്ഥരെ ട്രെയിനുകളിലെ വനിതാ കമ്പാർട്ടുമെന്റിൽ സുരക്ഷയ്ക്കായി നിയോഗിച്ചിട്ടുണ്ട്. ഇതിനു പുറമെ അധികം പോലീസ് ഉദ്യോഗസ്ഥരെ ട്രെയിനുകളിൽ നിയമിച്ച് ഡ്യൂട്ടി ചെയ്യിക്കുന്നതിലേയ്ക്കായി റെയിൽവെ പാസ്സ് അനുവദിച്ചു നൽകുവാൻ വേണ്ടി റെയിൽവേയോട് സംസ്ഥാന പോലീസ് മേധാവി ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ പാസഞ്ചർ ട്രെയിനുകളിൽ സർക്കിൾ അടിസ്ഥാനത്തിൽ വനിതാ പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്ക് നിയോഗിച്ചു |
| (സി) | വനിതാ കോച്ചുകളിൽ വനിതാ സുരക്ഷാ അംഗങ്ങളെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | |

നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനു പുറമെ വനിതാ ഹെൽപ്പ്ലൈൻ നമ്പർ പ്ലാറ്റ്ഫോമിലും ട്രെയിനു കളിലും പ്രദർശിപ്പിക്കുന്നത് ഉൾപ്പെടെ അത്യാവശ്യ ഘട്ടങ്ങളിൽ സുരക്ഷയ്ക്കായി പോലീസ് സഹായം ആവശ്യപ്പെടുവാനുള്ള ബോധവൽക്കരണ പ്രവർത്തന ങ്ങൾ ഊർജ്ജിതമായി നടത്തി വരികയാണ്. കൂടാതെ റെയിൽവേ സ്റ്റേഷന് പുറമേയുള്ള പരിസരങ്ങളിൽ പട്രോളിംഗ് നടത്തിയും പോലീസ് എയ്ഡ് പോസ്റ്റുകൾ വഴിയും സ്ത്രീ യാത്രക്കാരുടെ സുരക്ഷ ഉറപ്പു വരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തീവണ്ടികളിൽ യാത്ര ചെയ്യുന്നവരുടെ പ്രത്യേകിച്ച് സ്ത്രീകളുടെ സുരക്ഷ ശക്തിപ്പെടുത്തണമെന്നും അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ഫെബ്രുവരി 2012 ന് ബഹു. മുഖ്യമന്ത്രി കേന്ദ്ര സർക്കാരിനു നൽകിയ മെമ്മോറാണ്ടത്തിൽ

| | | | |
|---|---|---|---|
| | | | പറയുന്നുണ്ട്. കൂടാതെ, തീവണ്ടികളിൽ യാത്ര ചെയ്യുന്ന സ്ത്രീകളുടെ സുരക്ഷാ ഉറപ്പാക്കുന്നതിന് അടിയന്തിരമായി വേണ്ട നടപടി സ്വീകരിക്കുവാൻ റെയിൽവേ മന്ത്രാലയത്തോട് 1.3.2012- ാം തീയതിയിലെ കത്ത് മുഖേന അഭ്യർത്ഥിച്ചിട്ടുമുണ്ട്. |
| (ഡി) | വനിതാ കമ്പാർട്ടുമെന്റുകൾ കൂടുതൽ ജനശ്രദ്ധ പതിയുന്ന ഭാഗങ്ങളിൽ ഘടിപ്പിക്കുന്നതിന് ആവശ്യമായ സമ്മർദ്ദം ചെലുത്തുമോ; | (ഡി) | ഇക്കാര്യം റെയിൽവേയുടെ ശ്രദ്ധയിൽ വീണ്ടും പെടുത്തുന്നതാണ്. |
| (ഇ) | കുറ്റക്കാർക്ക് പരമാവധി ശിക്ഷ ഉറപ്പുവരുത്താൻ ആവശ്യമെങ്കിൽ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിശോധിക്കുമോ? | (ഇ) | ഇക്കാര്യം റെയിൽവേയുടേയും കേന്ദ്ര സംസ്ഥാന ആഭ്യന്തര വകുപ്പുകളുടേയും ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ